

THURSDAY 30-06-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/06/2022.

1. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ (Black Bug) സാന്നിധ്യം കണ്ടുവരുന്നു. പകൽ സമയങ്ങളിൽ മണ്ണിനടിയിൽ ഒളിച്ചിരിക്കുന്നതിനാൽ ഇവയെ പെട്ടെന്ന് കണ്ടുപിടിക്കാൻ പ്രയാസമാണ്. തണ്ടുതുരപ്പന്റെയും എലിവെട്ടിനും സമാനമായ ലക്ഷണങ്ങൾ കണ്ടാൽ കരിഞ്ചാഴി ആക്രമണം സംശയിക്കാം. കൃഷിയിടത്തിൽ ഇറങ്ങി നോക്കി കീട സാന്നിദ്ധ്യം ഉറപ്പിച്ചതിന് ശേഷം മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക. വെളുത്തവാവിനും അതിനടുത്തുമുള്ള ദിവസങ്ങളിൽ കരിഞ്ചാഴികളെ കൂടുതലായി കാണാൻ സാധിക്കും. സംയോജിത നിയന്ത്രണ മാർഗങ്ങൾ അനുവർത്തിച്ച് കീടനിയന്ത്രണം സാദ്ധ്യമാക്കാം. കൂടുതൽ വിവരങ്ങൾക്ക് മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി **9383470697** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ഇന്ന് (ജൂൺ 30) വരെ തിരുവനന്തപുരം പൂജപ്പുര മണ്ഡപത്തിലും സമീപത്തുമായി ഞാറ്റുവേല ചന്തയും സെമിനാറുകളും കർഷകരുടെ അനുഭവം പങ്കുവയ്ക്കലും വിവിധ കലാ പരിപാടികളും നടത്തപ്പെടുന്നു. ഞാറ്റുവേല ചന്തയിൽ വിഷരഹിത നാടൻ പഴങ്ങൾ, പച്ചക്കറികൾ, അലങ്കാരച്ചെടികൾ, ഫലവൃക്ഷതൈകൾ, കിഴങ്ങുവർഗങ്ങൾ, ഇലക്കറികൾ, കയർ ഉത്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും ഉണ്ടാകും. ഞാറ്റുവേലകളുടെ കൈമാറ്റവും, തലമുറകളുടെ സംവാദവും, കാർഷിക ലഘുരേഖകളുടെ വിതരണവും ഞാറ്റുവേല ചന്തയുടെ ഭാഗമായുണ്ടാകും. കാർഷിക സേവന ദാതാക്കളായ കാർഷിക കർമസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ സേവനം തിരുവനന്തപുരം നഗരത്തിന് ലഭ്യമാക്കാൻ പ്രത്യേക കൗണ്ടറുകളും സജ്ജീകരിച്ചിട്ടുണ്ടെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു

3. ക്ഷീരവികസന വകുപ്പ് 2022-23 സാമ്പത്തിക വർഷത്തിൽ 20 സെന്റിനു മുകളിൽ **പുൽകൃഷി** നടപ്പിലാക്കുന്നതിനു സബ്സിഡി നൽകുന്നു. താൽപര്യമുള്ള കർഷകർക്ക് **ജൂലൈ 10** വരെ ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള 45 ദിവസം പ്രായമുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപനയ്ക്ക് ലഭ്യമാണ്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **9400483754** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂൺ 30) രാവിലെ 11 മണിക്ക് **ചെണ്ടുമല്ലി കൃഷി** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് **ജൂലൈ 4 മുതൽ 15** വരെയുള്ള തീയതികളിൽ ക്ഷീരോത്പന്ന നിർമ്മാണത്തിൽ പത്ത് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരമോ അതാത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർമാർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപയാണ്. താൽപര്യമുള്ളവർ ജൂലായ് 2-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

7. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ജൂലൈ മാസം 7,8 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 14,15 തീയതികളിൽ മുയൽ വളർത്തൽ, 22-ന് പോത്ത് വളർത്തൽ, 26-ന് കാട വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**8. സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ**

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ പ്രവചനമനുസരിച്ച്, കൊല്ലം ജില്ലയിൽ ജൂലൈ 02 വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴയ്ക്ക് സാധ്യതയുണ്ട്.

8.1 ഞാറ് പറിച്ചുനട്ട് 30, 50 ദിവസങ്ങളിൽ നെല്ലിൽ അടിക്കുന്ന സമ്പൂർണ കെഎയൂ മൾട്ടിമിക്സ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് കൊടുക്കുക.

8.2 മഴക്കാലമായതിനാൽ കൃഷിയിടങ്ങളിൽ ഒച്ചിന്റെ ശല്യം രൂക്ഷമായി കണ്ടുവരുന്നു. ഇവയെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരിസരശുചിത്വവും മാലിന്യനിർമ്മാർജ്ജനവും അനിവാര്യമാണ്. വൈകുന്നേരങ്ങളിൽ നനഞ്ഞ ചണച്ചാക്ക് വിരിച്ച് ഒച്ചിനെ ആകർഷിക്കുന്ന പപ്പായ ഇലയോ പഴമോ / കാബേജില / ചോറ് /പുളിച്ച പഞ്ചസാര ലായനി തുടങ്ങിയവ നിരത്തുക. ഇങ്ങനെ ആകർഷിച്ച് കൂട്ടം കൂടുന്ന ഒച്ചുകളെ തോട് പൊട്ടിച്ചോ **പുകയിലകഷായം – തുരിശ്മിശ്രിതം** തളിച്ചോ നശിപ്പിക്കാവുന്നതാണ് **പുകയിലകഷായം – തുരിശ്മിശ്രിതം** തയ്യാറാക്കുന്ന വിധം ഇനി പറയുന്നു. 25 ഗ്രാം പുകയില ഒന്നര ലിറ്റർ വെള്ളത്തിൽ തിളപ്പിച്ച് ഒരു ലിറ്റർ ആക്കി തണുപ്പിച്ച ശേഷം ലായനി അരിച്ചു മാറ്റുക. 60 ഗ്രാം തുരിശ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ശേഷം രണ്ടുലായനികളും കൂട്ടിചേർത്ത് (2 ലിറ്റർ ) കൂട്ടം കൂടുന്ന ഒച്ചുകളുടെ മേൽതളിക്കുക. ഒരു ലിറ്റർ വെള്ളത്തിൽ 200 ഗ്രാം ഉപ്പ് കലക്കിയ ലായനി തളിച്ചും ഒച്ചുകളെ നശിപ്പിക്കാവുന്നതാണ്. ഇവയുടെ ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ **മെറ്റാൽഡിഹൈഡ് പെല്ലറ്റ് കെണി (സ്നെയിൽ കിൽ)** 2.5% വീര്യത്തിൽ 2 കിലോ ഒരു ഏക്കറിന് എന്ന തോതിൽ ഉപയോഗിക്കാവുന്നതാണ്. പല സ്ഥലങ്ങളിലായി 2 – 3 പെല്ലറ്റ് എന്ന തോതിൽ വെച്ച് കൊടുക്കണം. വിഷക്കെണി ഉപയോഗിക്കുമ്പോൾ കുട്ടികളും വളർത്തുമൃഗങ്ങളും വളർത്തു പക്ഷികളും ഇതുമായി നേരിട്ട് സമ്പർക്കത്തിൽ വരാതെ പ്രത്യേകം ശ്രദ്ധിക്കണം. ഒച്ചുകളെ ശേഖരിക്കുമ്പോൾ ഗ്ലൗസോ, പ്ലാസ്റ്റിക്ക് കവറുകളോ കയ്യിൽ ഉപയോഗിക്കേണ്ടതാണ്.

8.3 മഴക്കാലത്ത് ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകളിൽ മൂട്ചീയൽ രോഗം വരാതെ തടയുന്നതിനായി ചാലുകൾ കീറി നീർവാർച്ചാ സൗകര്യം ഉറപ്പാക്കുക. ഒരു ലിറ്റർ വെള്ളത്തിലേക്ക് 20 ഗ്രാം പച്ചച്ചാണകം

എന്ന തോതിൽ കലക്കി തെളിയെടുത്ത് അതിലേക്ക് 20ഗ്രാം സ്യുഡോമോണാസ് ചേർത്ത് തടത്തിൽ ഒഴിച്ച് കൊടുക്കുന്നത് വഴി രോഗം പ്രതിരോധിക്കാവുന്നതാണ്.

8.4 കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ബനാന സ്ട്രീക് വൈറസ് രോഗം കൂടുതലായി കണ്ടു വരുന്ന സാഹചര്യത്തിൽ വാഴ കർഷകർ ജാഗ്രത പാലിക്കുക. തുടക്കത്തിൽ മഞ്ഞ നിറത്തിലുള്ള ചെറിയ പാടുകൾ ഇലകളിൽ പ്രത്യക്ഷപ്പെടുകയും തുടർന്ന് ഈ പാടുകൾ നീളത്തിലുള്ള മഞ്ഞ വരകളായി രൂപാന്തരപ്പെടുകയും ചെയ്യുന്നതാണ് രോഗ ലക്ഷണം. ഈ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രോഗം മറ്റു വാഴകളിലേക്ക് പടരാതിരിക്കുന്നതിനായി രോഗം ബാധിച്ച വാഴകൾ പിഴുതു മാറ്റി നശിപ്പിച്ചു കളയേണ്ടതാണ്. രോഗ ബാധയുള്ള പ്രദേശങ്ങളിൽനിന്നും കന്നുകൾ തിരഞ്ഞെടുക്കാതിരിക്കുക. വൈറസ് രോഗ വാഹകരായ മീലി മുട്ടകളെ നിയന്ത്രിക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം